# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2379 09.12.2014-ലെ മറുപടിക്ക്

## സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുള്ള ചെലവ് ചുരുക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അനാവശ്യ ചെലവുകൾ ചുരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | 19.09.2014 ലെ സ.ഉ. (പി) നം. 400/2014/ധന പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.<br>പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 01.12.2014 ലെ സ.ഉ. (പി) നം. 523/2014/ധന പ്രകാരം സർക്കാർ വകുപ്പുകൾ / പൊതുമേഖല സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഡയറികൾ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.<br>സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.<br>വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ |

| | | |
|---|---|---|
| | | തുടങ്ങിയ നിർദ്ദേശങ്ങളും 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവു പ്രകാരം നൽകിയിട്ടുണ്ട്. 11.10.2013 ലെ സ.ഉ (പി) നം. 515/13/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വകുപ്പുകൾ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതിന് പകരം ട്രഷറികളിൽ നിക്ഷേപിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ? | 27.03.2014 ലെ സർക്കുലർ നം. 31/2014/ധന പ്രകാരം വിവിധ വകുപ്പു കളുടെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ